November 2017 Private Circulation Only വാല്യം 4 ലക്കം 4 www.gcmessenger.com ഇതൾ 1

bafa RADIO LIVE 24X7 WWW.BAFARADIO.COM

# ഗ്ലോബൽ ക്രിസ്ത്യൻ മെസെഞ്ചർ

ആത്മീകതയുടെ യഥാർത്ഥ വഴികാട്ടി

Contact: 0558529710 www.gcmessenger.com The Global Christian Messenger

INSIDE

02 എഡിറ്റോറിയൽ വിമർശനങ്ങൾ ക്രിയാത്മകമാകണം
03 ഫീച്ചർ പ്രതിസന്ധികളിലും തളരാതെ...
06 ലേഖനം അടിതെറ്റിയാൽ പ്രവാസിയും വീഴാം

## 26–ാമത് ബഥേൽ ഐ.പി.സി. വാർഷിക കൺവൻഷന് അനുഗ്രഹ സമാപ്തി





*ഐ.പി.സി. ബഥേൽ ദുബായ് കൺവൻഷനിൽ പാസ്റ്റർ കെ.ജെ.തോമസ് പ്രസംഗിക്കുന്നു*

**ദുബായ്:** ബഥേൽ ഐ.പി.സി. (ദുബായ്) സഭയുടെ 26–മത് വാർഷിക കൺവൻഷൻ ഒക്ടോബർ 9 മുതൽ 11 വരെ ദുബായ് ഹോളി ട്രിനിറ്റി ചർച്ച് മെയിൻ ഹാളിൽ നടന്നു. ഐ.പി.സി. യു.എ.ഇ. റീജിയൻ വൈസ് പ്രസിഡന്റ് പാസ്റ്റർ രാജൻ ഏബ്രഹാം പ്രാർത്ഥിച്ചു സമർപ്പിച്ച ഈ ത്രിദിന കൺവൻഷനിൽ പങ്കെടുത്ത നൂറു കണക്കിന് വിശ്വാസികൾക്ക് ആത്മീയ ഉണർവ്വിന്റെ ദിനങ്ങളായിരുന്നു.

സുപ്രസിദ്ധ സുവിശേഷ പ്രഭാഷകൻ പാസ്റ്റർ കെ.ജെ.തോമസ്(കുമളി) അതിശക്തമായി ദൈവവചന പ്രഘോഷണം നടത്തി. ലോകം കണ്ടതിൽ വച്ചറ്റേവും വലിയ സ്നേഹം ദൈവസ്നേഹമാണെന്നും ദൈവകൽപ്പന അനുസരിക്കാതിരുന്ന, ദൈവത്തിന്റെ വാക്കുകളെ സംശയിച്ച, ദൈവത്തോടു പാപം ചെയ്ത് അകന്നുപോയ മനുഷ്യനോട് ദൈവം പ്രദർശിപ്പിച്ച ആ മഹാസ്നേഹം മനസ്സിലാക്കി മനുഷ്യൻ ദൈവത്തിങ്കലേക്കു മടങ്ങിവരണമെന്ന് അദ്ദേഹം ശ്രോതാക്കളെ ആഹ്വാനം ചെയ്തു.

നഷ്ടപ്പെട്ട മനുഷ്യനെ തേടി അഖിലാണ്ഡ സ്രഷ്ടാവ്, സ്വർഗ്ഗത്തിലും ഭൂമിയിലും ഒതുങ്ങാത്ത ദൈവം കന്യകമറിയാമിന്റെ ഗർഭപാത്രത്തിൽ ഒതുങ്ങിയത് മനുഷ്യബുദ്ധിക്ക് ഉൾക്കൊള്ളാൻ കഴിയുന്നതിലും വലിയ ദൈവസ്നേഹത്തിന്റെ പ്രകടനമായിരുന്നു.

എല്ലാറ്റിലുമുപരി കാൽവറി ക്രൂശിൽ ഒരു യോഗ്യതയുമില്ലാതിരുന്ന മനുഷ്യവർഗ്ഗത്തിനു വേണ്ടി യാഗമായ ദൈവീക പദ്ധതി മനുഷ്യനോടുള്ള ദൈവസ്നേഹത്തിന്റെ മഹനീയ വെളിപ്പെടുത്തലായിരുന്നു എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ദുബായിലെ വിവിധ സഭകളിലെ ദൈവദാസന്മാരും ദൈവമക്കളും സഭാവ്യത്യാസം കൂടാതെ പങ്കെടുത്ത് അനുഗ്രഹം പ്രാപിച്ചു. ഐ.പി.സി. ജനറൽ വൈസ് പ്രസിഡന്റ് പാസ്റ്റർ വിൽസൺ ജോസഫ്, കൂടാതെ ഐ.പി.സി. യു.എ.ഇ. റീജിയണിലെ എക്സിക്യൂട്ടീവ് അംഗങ്ങളും വിവിധ മീറ്റിംഗുകളിൽ പങ്കെടുത്തു. ഐ.പി.സി ബഥേൽ ക്വയർ ഗാനശുശ്രൂഷ നിർവഹിച്ചു. പാസ്റ്റർ ഗർസീം പി.ജോൺ മീറ്റിംഗുകളിൽ അദ്ധ്യക്ഷത വഹിച്ചു. സഹശുശ്രൂഷകരായ പാസ്റ്റർ പാപ്പി ജോർജ്ജ്, ഇവാ. ഡാനി മാത്യൂ എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു. സഭാ സെക്രട്ടറി ബ്രദ. ഷിബു കണ്ടത്തിൽ കൃതജ്ഞത രേഖപ്പെടുത്തി.

*പേജ് 5 കാണുക*

## ദുബായ് – ഷാർജ യു.പി.എഫ് കൺവൻഷനും സംയുക്ത ആരാധനയും

**ദുബായ്:** ദുബായ് – ഷാർജ പെന്തെക്കോസ്തു സഭകളുടെ സംയുക്ത വേദിയായ യു.പി.എഫിന്റെ കൺവൻഷൻ നവംബർ 20–22 വരെ ഷാർജ വർഷിപ്പ് സെന്ററിൽ നടക്കും. പാസ്റ്റർ പ്രതാപ് സിംഗ് (ചെന്നൈ) മുഖ്യസന്ദേശം നൽകും. 23–ന് വ്യാഴാഴ്ച വൈകുന്നേരം 6.30 മുതൽ 10 മണി വരെ അംഗത്വസഭകളുടെ സംയുക്ത ആരാധനയിലും തുടർന്ന് 25–ാം തീയതി രാവിലെ 9 മുതൽ 1 മണി വരെ നടക്കുന്ന സ്റ്റുഡന്റ്സ് & യൂത്ത് ടീൻ സെമിനാറിലും പാസ്റ്റർ പ്രതാപ് സിംഗ് സന്ദേശം നൽകും.



*പാ. പ്രതാപ് സിംഗ്*

## സുവിശേഷ മഹായോഗം

**അബുദാബി:** ബഥേൽ അസംബ്ലി ഓഫ് ഗോഡ് സഭ അബുദാബി ഡിസംബർ 18–20 വരെ സുവിശേഷ മഹായോഗം ക്രമീകരിക്കുന്നു. മുസഫ ബ്രദറൺ ചർച്ച് സെന്ററിൽ വ്ച്ച് നടക്കുന്ന ഈ യോഗങ്ങളിൽ സുപ്രസിദ്ധ കൺവൻഷൻ പ്രസംഗകൻ പാസ്റ്റർ ബാബു ചെറിയാൻ (പിറവം) മുഖ്യസന്ദേശം നൽകും. ബഥേൽ എ.ജി ക്വയർ ഗാനശുശ്രൂഷ നിർവഹിക്കും. അബുദാബി, റിം, മിനാ, മുസ്സഫ എന്നിവിടങ്ങളിൽ നിന്നും വാഹന സൗകര്യം ഉണ്ടായിരിക്കും.

## ശാരോൻ (ദുബായ്) രജതജൂബിലി കൺവൻഷൻ



**ദുബായ്:** ശാരോൻ ഫെലോഷിപ്പ് സഭ (ദുബായ്)യുടെ ഇരുപത്തിയഞ്ചാം വാർഷിക കൺവൻഷൻ നവംബർ 6,7 (തിങ്കൾ, ചൊവ്വ) ദിവസങ്ങളിൽ ദുബായി ഹോളി ട്രിനിറ്റി ചർച്ച്, സെന്റ് പീറ്റേഴ്സ് ചാപ്പൽ E-3 യിൽ വച്ചു നടക്കും. രണ്ടു ദിവസങ്ങളിലും വൈകുന്നേരം 7.30 മുതൽ 10 മണിവരെ നടക്കുന്ന സുവിശേഷ യോഗങ്ങളിൽ പാസ്റ്റർ റ്റി.ഡി. ബാബു (കേരളം) മുഖ്യാതിഥിയായി ദൈവവചനം പ്രഘോഷിക്കും. ശാരോൻ ബീറ്റ്സ് ഗാനശുശ്രൂഷയ്ക്കു നേതൃത്വം നൽകും.
അൽക്യൂസ്, ദയറ, ഗ്വസീസ്, സോനാപൂർ എന്നിവിടങ്ങളിൽ നിന്നും വാഹനക്രമീകരണം ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഇതേ മാസികയിലെ പരസ്യം ശ്രദ്ധിക്കുക.

## അപ്കോൺ സംയുക്ത ആരാധന നവംബർ 10 ന്

**അബുദാബി:** അബുദാബിയിലുള്ള പെന്തെക്കോസ്തു സഭകളുടെ ഐക്യവേദിയായ അപ്കോണിന്റെ നേതൃത്വത്തിൽ നവംബർ 10 വെള്ളിയാഴ്ച രാത്രി 7.30 മുതൽ 10.30 വരെ അംഗത്വ സഭകളുടെ സംയുക്ത ആരാധന സെന്റ് ആൻഡ്രൂസ് ചർച്ച് അബുദാബിയിൽ വച്ച് നടക്കും. പ്രസ്തുത സമ്മേളനത്തിൽ പാസ്റ്റർ റ്റി.ഡി.ബാബു മുഖ്യസന്ദേശം നൽകും. അപ്കോൺ ക്വയർ ഗാനശുശ്രൂഷയ്ക്കു നേതൃത്വം നൽകും.

## 17–മതു വർഷിപ്പ് സെന്റർ കൺവൻഷൻ സമാപിച്ചു

ഷാർജ: ഐ.പി.സി. ഷാർജ വർഷിപ്പ് സെന്റർ ക്രമീകരിച്ച 17–ാമതു കൺവൻഷൻ ഒക്ടോ. 17–19 വരെ ഷാർജ വർഷിപ്പ് സെന്ററിൽ നടന്നു. പാസ്റ്റർ ബാബു ചെറിയാൻ (പിറവം) ദൈവവചനം ശുശ്രൂഷിച്ചു. വർഷിപ്പ് സെന്റർ ക്വയർ ഗാനശുശ്രൂഷയ്ക്കു നേതൃത്വം നൽകി.

Circulation strictly for Christian churches only and not for sale.

1193
തുലാം – വൃശ്ചികം

വാങ്മുഖം

# വിമർശനങ്ങൾ ക്രിയാത്മകമാകണം

ഒരു വ്യക്തിയുടെ സ്വഭാവമോ ചെയ്തികളോ ശരിയല്ല എന്ന അപരന്റെ തുറന്നു പറച്ചിലിനെയാണ് വിമർശനം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഇന്ന് സമൂഹത്തിൽ രണ്ടുതരം വിമർശനങ്ങൾ കാണാം. അവയെ ക്രിയാത്മക വിമർശനം എന്നും (Constructive criticism) വിനാശകരമായ വിമർശനം (Destructive criticism) എന്നും വിളിക്കാം.

ഒരു വ്യക്തിയുടെ ആകമാനമായ ഗുണനിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന അഭിപ്രായ പ്രകടനങ്ങളെ ക്രിയാത്മക വിമർശനം എന്നു പറയാം. അപരന്റെ ആത്മാഭിമാനത്തെ തകർക്കുന്ന അവരുടെ സാമൂഹിക ജീവിതത്തിൽ കരിവാരി തേയ്ക്കുന്ന തരം വിമർശനങ്ങളെ വിനാശകരമായ വിമർശനങ്ങളിൽ പെടുത്താം.

ആരോഗ്യകരമായ വിമർശനങ്ങൾ ഒരാൾ ഉന്നയിച്ചാൽ അതിനെ വാദമുഖങ്ങൾ കൊണ്ട് എതിർക്കുന്നതിനു പകരം വിമർശനത്തെ ശരിയായ നിലയിൽ ഉൾക്കൊണ്ട് വേണ്ട ക്രമീകരണങ്ങൾ ചെയ്യുന്നത് വിമർശന വിധേയനായ വ്യക്തിക്ക് ഏറെ ഗുണം ചെയ്യും. ഇത്തരം വിമർശനങ്ങൾ ഒരുവനെ തന്റെ തെറ്റുകളിൽ നിന്ന് ശരികളിലേക്കു കരംപിടിച്ചുയർത്തും.

ഇന്ന് സമൂഹത്തിൽ കാണുന്ന വിമർശനങ്ങൾ പൊതുവെ വ്യക്തിഹത്യകളാണെന്നു പറയാം. വ്യക്തിഹത്യകൾ നടത്തി ആരെയും നേർവഴി നടത്തുവാൻ സാദ്ധ്യമല്ല എന്നതാണ് വാസ്തവം. മറ്റുള്ളവരിലെ തെറ്റായ പ്രവണതകൾ എന്നു തോന്നുന്നവയെ സ്വന്തം ദൃഷ്ടിയിൽ അവലോകനം നടത്തി സ്വന്തമായി തീർത്ത അളവുകോലിനാൽ പരിണാമപ്പെടുത്തുമ്പോഴാണ് യഥാർത്ഥത്തിൽ പലരും വിമർശിക്കപ്പെടേണ്ടതായി വരുന്നത്.

മനുഷ്യനായി ജനിച്ചവരിൽ വിമർശനങ്ങൾക്ക് അതീതരായവർ ഇല്ല എന്നതു തന്നെയാണ് വാസ്തവം.

ഒരുവന്റെ ശരികൾ അപരന്റെ തെറ്റുകൾ ആയേക്കാം. വസ്തുതകളെ സത്യസന്ധമായ മനഃസാക്ഷിയോട് നൂറുശതമാനവും ആത്മാർത്ഥത പുലർത്തി സ്വയം തെറ്റുകൾ കണ്ടെത്തി സ്വയമായി വിമർശിക്കപ്പെടേണ്ടതിനു പകരം അപരനിലെ കുറവുകളെ സൂക്ഷ്മദർശിനിയിലൂടെ നോക്കി അതിനെ ഊതിപ്പെരുപ്പിച്ച് പൊതു മാധ്യമങ്ങളിലിട്ട് വിഴുപ്പലക്കുന്ന അലക്കു തൊഴിലാളികളാണ് ഇന്നത്തെ ഭൂരിഭാഗം വിമർശകരും.

ലോക ചരിത്രത്തിൽ ഏറ്റവും കൂടുതൽ വിമർശനാത്മകമായ പുസ്തകം വിശുദ്ധ വേദപുസ്തകമാണ്. വേദപുസ്തകത്തിന്റെ സത്യസന്ധതയെ രൂക്ഷമായ ഭാഷയിൽ വിമർശിച്ച ധാരാളം ആളുകൾ ചരിത്രത്തിൽ നിന്നും നാമാവശേഷമായിപ്പോയി. നാസ്തികന്മാരും മതസംഘടനകളും രാഷ്ട്രീയ നേതാക്കന്മാരും രാജാക്കന്മാരും ഇക്കൂട്ടരിൽ പെടും. എന്നാൽ ദൈവവചനമായി എന്നേക്കും നിലനിൽക്കുന്ന ഈ പുസ്തകത്തെ നശിപ്പിക്കുവാൻ ഈ നാശോന്മുഖമായ വിമർശകർക്കു കഴിഞ്ഞില്ല.

യഥാർത്ഥത്തിൽ മനുഷ്യനെ വിമർശന വിധേയനാക്കി നേർവഴിക്കു നടത്തുവാൻ ഏറ്റവും യോഗ്യൻ ത്രിത്വത്തിൽ മൂന്നാമനായ പരിശുദ്ധാത്മാവാണ്. പരിശുദ്ധാത്മാവിനു മാത്രമേ ഒരുവനെ ഉന്മൂലനം ചെയ്യാതെ അവനിലുള്ള തെറ്റായ പ്രവണതകളെ വെളിപ്പെടുത്തി കാട്ടുവാൻ കഴിയൂ.

ഇത് സാധാരണ ലോകത്തിന്റെ ചിത്രം മാത്രമല്ല, പ്രത്യുത ദൈവമക്കൾ എന്നഭിമാനിക്കുന്നവരുടെ ഇടയിലെ ഒരു നേർക്കാഴ്ച കൂടിയാണ്.

ആത്മിക വിമർശനങ്ങൾ സ്നേഹത്തിലധിഷ്ഠിതമാകണം. എഫെ.4:15 സ്നേഹത്തിൽ സത്യം സംസാരിക്കണം. വിമർശനങ്ങൾ സ്നേഹത്തിൽ അധിഷ്ഠിതമാകുമ്പോൾ തന്നെ സത്യസന്ധവും അപരന്റെ നന്മയെ ലക്ഷ്യമാക്കിയുള്ളതും ആയിരിക്കണം. മറ്റുള്ളവരുടെ ഹൃദയത്തെ ക്ഷീണിപ്പിക്കുന്നതും അവരെ അപമാനിക്കുന്നതും ആകരുത്. വിമർശനങ്ങൾ കേട്ടുകേൾവികളിൽ നിന്ന് ആകരുത്. പലപ്പോഴും കേട്ടുകേൾവികൾ സത്യമാകണമെന്നില്ല. അത്തരം വിമർശനങ്ങൾ അപരനെ നന്നാക്കുവാൻ ഉതകുന്നവയാകില്ല.

സ്വയം നീതികരണക്കാരായ പരീശഭക്തന്മാർ യേശുകർത്താവിനെ വിമർശിച്ചത് അവരുടെ തെറ്റായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു. അതുകൊണ്ടു തന്നെ അവരുടെ ഭാഗത്ത് സത്യത്തിന്റെ കണികപോലും ഇല്ലായിരുന്നു.

ഒരുവനെ വിമർശനങ്ങൾക്കു വിധേയനാക്കുമ്പോൾ കുറഞ്ഞത് ദൈവവചന പ്രകാരം ആയിരിക്കണം. ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വകപ്രാപിച്ച് തികഞ്ഞവനാകേണ്ടതിന് ഉപദേശത്തിനും ശാസനത്തിനും അവന്റെ ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനപ്പെടുന്ന രീതിയിൽ മാത്രമേ വിമർശിക്കുവാൻ പാടുള്ളു. ആത്മികർ വിമർശനങ്ങൾക്ക് ഉപയോഗിക്കുന്നത് സംശുദ്ധമായ ഭാഷ ആയിരിക്കണം. അതിനെതിരെ പ്രതികരിക്കുന്നതും അങ്ങനെ തന്നെ ആകണം.

എല്ലാറ്റിലും ഉപരി മറ്റൊരുത്തന്റെ ദാസനെ വിധിപ്പാൻ നീ ആർ? എന്ന ചോദ്യത്തിന് സ്വയം ഉത്തരം നേടിയിട്ട് അപരനെ വിധിക്കുന്നതായിരിക്കും ഒരു ആത്മികന് ഉത്തമം.



ഷിബു കണ്ടത്തിൽ
ചീഫ് എഡിറ്റർ

## സമകാലീനം

# ജനമൈത്രി പോലീസും ഷീല കണ്ണന്താനവും



വിനോദ് ഏബ്രഹാം

പോലീസായാൽ ഇങ്ങനെ വേണം. അതും ജനമൈത്രി പോലീസ്! അറുപത്തിനാല് വയസ്സുള്ള മാടശ്ശേരിൽ മാധവനെന്ന തൊടുപുഴക്കാരൻ ആശുപത്രിയിലെ ചികിത്സയ്ക്കു ശേഷം റോഡിൽ വന്ന് ഓട്ടോറിക്ഷയെന്നു കരുതി പോലീസ് വണ്ടിക്കാണ് കൈകാണിച്ചത്. ഏമാന്മാർ വിടുമോ? പൊക്കിയെടുത്ത് വണ്ടിക്കകത്തിട്ട് ഇടിയോടിടി. അടികൊണ്ട് ഇടതുകണ്ണിന് പരുക്കുമുണ്ട്. ജീപ്പിനകത്തിട്ട് ഇടിച്ചതു പോരാഞ്ഞതിന് ലോക്കപ്പിലിട്ടും അടിച്ചവശനാക്കി. പാവത്തിന്റെ 4500 രൂപ തട്ടിയെടുക്കുകയും ചെയ്തു.

രാത്രി രണ്ടു മണിക്ക് വണ്ടിയിൽ നിന്നിറങ്ങി വന്ന് ബിജെപിക്കാരുടെ കൊടിമരം നശിപ്പിച്ചയാളിനെ സിസിടിവി ദൃശ്യങ്ങളിലൂടെ കണ്ടു നാട്ടുകാർ ഞെട്ടിപ്പോയി. രാഷ്ട്രീയ സംഘർഷം നിലനിൽക്കുന്ന തിരുവനന്തപുരം മാറനല്ലൂരിൽ എരിതീയിൽ എണ്ണയൊഴിച്ചത് സ്ഥലം എസ്.ഐ തന്നെയാണ്. രാഷ്ട്രീയക്കാർ തമ്മിലുള്ള അടികാണുവാൻ ഏമാന് വളരെ ആശ. ഏതായാലും സാറ് കൊടിമരം പിഴുന്ന ദൃശ്യങ്ങൾ വൈറലായിക്കഴിഞ്ഞു. ഇതാ ഇപ്പോൾ അദ്ദേഹത്തിനു സസ്പെൻഷനും കിട്ടിയിരിക്കുന്നു. ഉത്തരവാദിത്തമുള്ളവരുടെ 'വേലി വിളവു തിന്നുന്ന' പരിപാടികൾ സമൂഹത്തിനാകെ ദോഷം വരുത്തുന്നു.

കേന്ദ്രഭരണപ്പാർട്ടിക്കാരുടെ അടുത്ത വെടി, താജ്മഹൽ ദേശദ്രോഹികളാൽ നിർമ്മിക്കപ്പെട്ടതത്രേ! ലോകസഞ്ചാരികളെ ഏറ്റവും ആകർഷിക്കുന്ന പത്തു ചരിത്ര സ്മാരകങ്ങളുടെ പട്ടികയെടുത്താൽ ഇന്ത്യയിൽ നിന്നുള്ളത് താജ്മഹൽ മാത്രമാണ്. അത്തരമൊരു കലാസൃഷ്ടി ഇടിച്ചുനിരത്തണമെന്നൊക്കെ പറയുന്നത് ഭരണവൈകല്യങ്ങളിൽ നിന്നു രക്ഷപെടുവാനുള്ള തന്ത്രങ്ങളായിരിക്കാം.

ഒരു ചിന്തയുമില്ലാതെ ഒന്നും പറയുന്ന ആളായിരുന്നില്ല നമ്മുടെ യുവജന കമ്മീഷൻ ചെയർ പേഴ്സൺ ചിന്താ ജെറോം. ചിന്തയുടെ ചിന്തപ്പാടുകൾ ഒരു സമയത്ത് സമൂഹത്തിനെയാകെ ചിന്തിപ്പിച്ചിട്ടുമുണ്ട്. എന്നാൽ ഈയിടെയായി പറയുന്ന കാര്യങ്ങളെല്ലാം വിവാദമാകുന്നു. ഏതായാലും ഉത്തരവാദിത്തമുള്ളവർ മുൻകരുതലില്ലാതെ അപക്വമായ കാര്യങ്ങൾ പറയുന്നത് അനുചിതമാണ്.

"സ്വന്തം ഭാഷയായതുകൊണ്ട് ഒരു റിലാക്സേഷനുണ്ട്" എന്ന വാചകത്തിലൂടെ ലോകമലയാളികൾക്കെല്ലാം പരിചിതയായി മാറി നമ്മുടെ ഷീല കണ്ണന്താനം. ലേഖകന്റെ ചോദ്യത്തിന് കൂളിംഗ് ഗ്ലാസ് ഒക്കെ വച്ച് സ്വല്പം 'ഗ്രേഡു' കൂടിയ പൊങ്ങച്ചത്തിലൂടെ മറുപടി പറഞ്ഞ ഭാര്യ, കേന്ദ്രമന്ത്രി അൽഫോൻസ് കണ്ണന്താനത്തെക്കാൾ പ്രശസ്തയായിക്കഴിഞ്ഞു. ഉന്നതരുടെ വിവരക്കേടുകൾ സമൂഹം ശ്രദ്ധിക്കുന്നുവെന്നതു സത്യം.

വിളവു തിന്നുന്ന വേലികളുടെ കൂട്ടത്തിൽ പോലീസുകാരും രാഷ്ട്രീയക്കാരും മാത്രമല്ല, ആത്മീയ നേതാക്കളുമുണ്ട്. ഉത്തരവാദിത്വമുള്ളവർ, നേതാക്കൾ ഇവരൊക്കെ സമൂഹത്തിനു നേർവഴി കാണിക്കേണ്ടുന്നവരാണ്. ഇവർ തമ്മിൽ തമ്മിൽ തല്ലിക്കുന്നത് ഒഴിവാക്കണമെന്നു മാത്രമല്ല മര്യാദയുടെ സീമകൾ ലംഘിക്കുന്ന "നാക്ക്" വേലി ചാടാതെ സൂക്ഷിക്കേണ്ടതും ഇവരുടെ കടമയാണ്. വിളവുതിന്നുന്ന വേലികളല്ല, വിളവിനെ സംരക്ഷിക്കുന്ന വേലികളാണ് സമൂഹത്തിനാവശ്യം.



gcm Nov 2017.indd 2 31-10-2017 07:26:18

ഫീച്ചർ

# പ്രതിസന്ധികളിലും തളരാതെ സഹോദരി ജയിൻ



പരേതരായ പോൾ ശാസ്ത്രി, അന്നമ്മ ദമ്പതികളുടെ ഇളയമകളായിട്ടാണ് സഹോദരി ജയിനിന്റെ ജനനം. സി.എസ്.ഐ. സഭാ പശ്ചാത്തലത്തിൽ ജനിച്ച ജയിൻ തികഞ്ഞ ആത്മീയ അച്ചടക്കത്തിലായിരുന്നു വളർന്നത്. സി.എസ്.ഐയിലെ സീനിയർ ബിഷപ്പായിരുന്ന അടുത്തയിടെ കാലം ചെയ്ത ബിഷപ്പ് യേശുദാസ് ഇവരുടെ പിതൃസഹോദരനായിരുന്നു.

ആത്മിക പൈതൃകമുള്ള ഒരു കുടുംബത്തിൽ ജനിച്ചത് പിൽക്കാലത്ത് കടന്നുപോയ പാതകളിൽ പതറാതെ പിടിച്ചുനിൽക്കുവാൻ ഇടനൽകി. സഹോദരി ജയിനിന് ഒരു വയസ്സുള്ളപ്പോൾ തന്റെ മാതാവ് ഈ ലോകത്തിൽ നിന്നും മാറ്റപ്പെട്ടു. അതുകൊണ്ടുതന്നെ ലോകപ്രകാരമുള്ള ഒരു മാതാവിന്റെ സ്നേഹമോ പരിചരണമോ ലഭിക്കാതെയായിരുന്നു വളർന്നത്. ഒരു ദൈവഭക്തനായിരുന്ന തന്റെ പിതാവ് പോൾ ശാസ്ത്രി തന്റെ മകൾക്കു പിതാവ് മാത്രമല്ല മാതാവിന്റെ സ്നേഹവും പകർന്നു നൽകിയാണ് വളർത്തിയത്.

സ്കൂൾ വിദ്യാഭ്യാസാനന്തരം സിസ്റ്റർ ജെയിൻ തിരുവനന്തപുരത്തുള്ള ഓൾ സെയിന്റ്സ് കോളേജിൽ പ്രീഡിഗ്രി പൂർത്തീകരിച്ചു. തുടർന്ന മാർ ഈവാനിയോസ് കോളേജിൽ നിന്നും ബി.എസ്.സി ബോട്ടണിയിൽ ബിരുദം നേടി. പഠനത്തിൽ സമർത്ഥയായ ജയിൻ തിരുവനന്തപുരം (പാളയം) യൂണിവേഴ്സിറ്റി കോളേജിൽ നിന്നും MA. MPhil -ൽ രണ്ടാം റാങ്കോടെ ബിരുദാനന്തരബിരുദം നേടി. തുടർന്ന് സോഷ്യോ പോളിറ്റിക്കൽ ഫിലോസഫി ഓഫ് ജവഹർലാൽ നെഹ്രു എന്ന വിഷയത്തിൽ Phdയ്ക്കായി പഠനമാരംഭിച്ചു. 6 തിസീസുകളിൽ നാലെണ്ണം വിജയകരമായി പൂർത്തീയാക്കവേയാണ് എറണാകുളം സ്വദേശി കൂടാരപ്പള്ളിൽ പരേതരായ റാഫേൽ, മേരി ദമ്പതികളുടെ രണ്ടാമത്തെ മകനായ ബ്രദ. സെബാസ്റ്റ്യൻ തന്റെ ജീവിതസഖിയായി എത്തിയത്. വിവാഹവേളയിൽ ബ്രദ. സെബാസ്റ്റ്യന്റെ കുടുംബം കർണ്ണാടകയിൽ കൂർഗ്ഗിൽ താമസമാക്കിയിരുന്നു. കത്തോലിക്കാ പാരമ്പര്യമുള്ള ഒരു കുടുംബമായിരുന്നു സഹോദരൻ സെബാസ്റ്റ്യന്റേത്.

കത്തോലിക്കാ മതവിശ്വാസത്തിൽ വളർന്ന തനിക്ക് വിശുദ്ധ വേദപുസ്തകവുമായോ ദൈവവചന സത്യങ്ങളുമായോ അടുപ്പം ഉണ്ടായിരുന്നില്ല. പിന്നീട് ജോലി തേടി ഇറാഖിൽ എത്തിയ സെബാസ്റ്റ്യൻ വേദപുസ്തകവുമായി അടുത്തു. പഴയ നിയമത്തിലെ ചരിത്ര സത്യങ്ങളിൽ പലതും നേരിൽ കണ്ടറിഞ്ഞ ഇദ്ദേഹം ഒരു വേദപുസ്തക സത്യാന്വേഷിയായി മാറി. അങ്ങനെ ബ്രദ. ദിനകരന്റെ Jesus Calls കൂട്ടായ്മയുമായി അടുത്തു. പിന്നീട് ആ കൂട്ടായ്മയിലൂടെ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. അങ്ങനെയാണ് കത്തോലിക്കനായിരുന്ന സെബാസ്റ്റ്യൻ സി.എസ്.ഐ. വിശ്വാസാചാരപ്രകാരം ഒരു സി.എസ്.ഐ.ക്കാരിയായ ജയിനിനെ വിവാഹം കഴിച്ചത്.

1987–ൽ സാമുദായിക പശ്ചാത്തലത്തിൽ വിവാഹിതരായ ഇവർ പിന്നീട് ദൈവസ്നേഹത്തിലേക്കു കൂടുതൽ അടുത്തു. ദൈവവചന കല്പനയായ വിശ്വാസസ്നാനം സ്വീകരിച്ചു. ഒരു പെന്തെക്കോസ്തു വിശ്വാസിയായി. Satwa Pentecost സഭാശുശ്രൂഷകനായിരുന്ന പാസ്റ്റർ ജോർജ്ജ് ജോസഫിന്റെ കൈക്കീഴിൽ ബ്രദ.സെബാസ്റ്റ്യനും കൂർഗ്ഗിലുള്ള ഒരു സ്വതന്ത്ര പെന്തെക്കോസ്തു കൂട്ടായ്മയിൽ വച്ച് പാസ്റ്റർ വർഗ്ഗീസിന്റെ കൈക്കീഴിൽ സിസ്റ്റ. ജെയിനും വിശ്വാസ സ്നാനം സ്വീകരിച്ചു.

വിവാഹത്തിനു ശേഷമുള്ള നാളുകളിൽ കുടുംബജീവിതത്തെക്കുറിച്ചുള്ള ധാരാളം നിറമുള്ള സ്വപ്നങ്ങൾ അവർക്കുണ്ടായിരുന്നു. Phd പഠനം പൂർത്തീകരിക്കുന്നതിനു തൊട്ടുമുമ്പ് വിവാഹിതയായ ജയിൻ ഗർഭിണിയായതിനെ തുടർന്ന് ബാക്കിയുള്ള രണ്ടു പേപ്പർ പ്രസവാനന്തരം സബ്മിറ്റ് ചെയ്യാമെന്നു തീരുമാനിച്ചു. എന്നാൽ കുടുംബജീവിതത്തിലെ സകല പ്രതീക്ഷകളും തകർത്തെറിഞ്ഞുകൊണ്ടായിരുന്നു പിന്നീടുള്ള സംഭവവികാസങ്ങൾ. 1998 ഫെബ്രു. 28–ാം തീയതി പ്രസവത്തീയതി നിശ്ചയിച്ചിരിക്കെ ഫെബ്രു.12–ാം തീയതി അർദ്ധരാത്രിയിൽ സഹോദരി ജയിനിന് കലശലായ തലവേദന അനുഭവപ്പെട്ടു. തുടർന്ന് തലച്ചോറിൽ രക്തസ്രവമുണ്ടായി. തുടർന്ന് അവരെ മണിപ്പാൽ ആശുപത്രിയിലേക്ക് അടിയന്തിരമായി എത്തിച്ചു.

ശുശ്രൂഷിച്ച ഡോക്ടർ അമ്മയേയോ കുഞ്ഞിനെയോ ഒരാളെ മാത്രമേ രക്ഷിക്കാനാകൂ എന്നറിയിച്ചു. അങ്ങനെ സെബാസ്റ്റ്യൻ കുഞ്ഞിനെക്കാൾ അമ്മയുടെ ജീവന് പ്രാധാന്യം നൽകാൻ നിർബന്ധിതനായി. അപ്പോഴെല്ലാം ആകാശവും ഭൂമിയും മാറിപ്പോകും എന്റെ വചനങ്ങളോ ഒരുനാളും മാറിപ്പോകില്ല എന്ന വേദവാക്യം ബ്രദ.സെബാസ്റ്റ്യന്റെ കർണ്ണപുടങ്ങളിൽ പ്രതിദ്ധ്വനിച്ചുകൊണ്ടിരുന്നു. അങ്ങനെ തങ്ങളെക്കുറിച്ചുള്ള ദൈവീക വാഗ്ദത്തങ്ങൾ നിറവേറുവാൻ ആഗ്രഹിച്ച് അതിനായി സമർപ്പിച്ചു.

ആശുപത്രി മുറിയുടെ ഒരു മൂലയിൽ സഹോദരൻ സെബാസ്റ്റ്യൻ മുട്ടുകുത്തി ഹൃദയം തകർന്ന് കണ്ണുനീരിൽ കുതിർന്ന വാചകത്തിലൂടെ അമ്മയുടെയും കുഞ്ഞിന്റെയും രക്ഷയ്ക്കായി നെടുവീർപ്പോടെ പ്രാർത്ഥിച്ചു. തന്റെ ഭാര്യ ജയിന് അവരുടെ ഒന്നാം വയസ്സിൽ തന്റെ മാതാവിനെ നഷ്ടപ്പെട്ടതുപോലെ തന്റെ കുഞ്ഞിനും അമ്മയില്ലാതെ വളരുവാൻ ഇടയാകരുതെന്നതായിരുന്നു കലങ്ങിയ ഹൃദയത്തിൽ നിന്നുമുള്ള ആതേങ്ങൽ. ഹൃദയം നുറുങ്ങിയുള്ള പ്രാർത്ഥന കേൾക്കുന്നവനായ കരുണാമയനും സ്നേഹവാനുമായ ദൈവത്തിന് തന്റെ കൃപയാലും കാരുണ്യത്താലും അമ്മയുടെയും കുഞ്ഞിന്റെയും ജീവനെ രക്ഷിക്കുവാൻ കൃപതോന്നി. എങ്കിലും സഹോദരി ജയിൻ വലതുവശം തളർന്ന് മൂന്നുമാസത്തോളം അബോധാവസ്ഥയിൽ ആശുപത്രിയിലായി. പിന്നീട് ഒരു മാസത്തിനു ശേഷം സഹോദരിക്ക് ബോധം തിരികെ ലഭിച്ചു. നാസാരന്ധ്രത്തിലൂടെ ട്യൂബ് വഴി ഭക്ഷണപാനീയങ്ങൾ നൽകിവന്നു.



അങ്ങനെ ബ്രദ.സെബാസ്റ്റ്യന്റെ മാതാവ് മകന്റെയും ഭാര്യയുടെയും കുഞ്ഞിന്റെയും സംരക്ഷണം ഏറ്റെടുത്തു. വൈദ്യശാസ്ത്രം സഹോദരിക്ക് തലച്ചോറിൽ ശസ്ത്രക്രിയ നിർദ്ദേശിച്ചു. എങ്കിലും തന്റെ മാതാവിന്റെ ഉറച്ച തീരുമാന പ്രകാരം സിസ്റ്റ. ജെയിനിനെ ആശുപത്രിയിൽ നിന്നും ഡിസ്ചാർജ് വാങ്ങി ഭവനത്തിലേക്കു കൊണ്ടുപോയി. സാവധാനത്തിൽ സിസ്റ്റ. ജയിനിന്റെ ആരോഗ്യസ്ഥിതിയിൽ പുരോഗമനമുണ്ടായി.

കിടക്കയിൽ ആയിരുന്ന സിസ്റ്റ. ജയിൻ മൂന്നു മാസങ്ങൾക്കു ശേഷം ഭർത്താവിനെയും കുഞ്ഞിനെയും തിരിച്ചറിയുവാൻ തുടങ്ങി. ഈ സാഹചര്യത്തിലെല്ലാം സെബാസ്റ്റ്യന്റെ മാതാവ് മേരി ഈ കുടുംബത്തിന്റെ ഉത്തരവാദിത്തങ്ങൾ സന്തോഷത്തോടെ ചെയ്തുവന്നു. ഒരിക്കൽ പോലും തന്റെ മരുമകളെയും കൊച്ചുമകളെയും ശുശ്രൂഷിക്കുന്നതിൽ പിറുപിറുപ്പോ അസഹിഷ്ണുതയോ കാട്ടിയില്ല എന്നത് എടുത്തു പറയേണ്ടതാണ്.

തുടർന്ന് സാവധാനം സഹോദരി ജയിന് സംസാരശേഷി തിരികെ ലഭിച്ചുതുടങ്ങി. ഏകദേശം രണ്ടു വർഷത്തിനു ശേഷം ജയിൻ കിടക്കയിൽ നിന്നും എഴുന്നേൽക്കുവാൻ സർവ്വശക്തൻ കൃപനൽകി. ഇന്ന് അവർക്കു പരസഹായത്തോടെ നടക്കുവാൻ സാധിക്കുന്നു എന്നത് ദൈവനാമ മഹത്വത്തിനായി പറയുവാൻ ഈ കുടുംബത്തിനു സന്തോഷമുണ്ട്.

കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങൾ ശ്രദ്ധയോടെ ചെയ്തു വന്ന സെബാസ്റ്റ്യന്റെ മാതാവ് 2007–ൽ നിത്യതയിൽ ചേർക്കപ്പെട്ടു.

ഈ ദമ്പതികളുടെ മകൾ ഇന്ന് കുടുംബസ്ഥയാണ്. കുടുംബമായി ഇവർ ദുബൈയിൽ താമസിക്കുന്നു. ഒരു വയസ്സ് പ്രായമുള്ള ഒരു പേരക്കുട്ടിയും ഇന്നിവർക്കുണ്ട്.


ഈ രോഗാവസ്ഥയിൽ ദുബായിൽ ഒന്നിച്ചു താമസിക്കുക എന്നത് മാനുഷികമായ നിലയിൽ തീർത്തും അസാദ്ധ്യമെങ്കിലും അസാദ്ധ്യങ്ങളെ സാദ്ധ്യമാക്കുന്ന ദൈവം തന്റെ വാഗ്ദത്ത നിവൃത്തി എന്നവണ്ണം കഴിഞ്ഞ മൂന്നു വർഷങ്ങളായി ഈ കുടുംബം ദുബായിൽ സന്തോഷമായി ജീവിച്ച് ദൈവത്തെ ആരാധിക്കുന്നു.

സ്വന്തമായി നടക്കുവാൻ പ്രാപ്തിയില്ലാത്ത സഹോ. ജയിനിന്റെ ആരാധനയ്ക്കായുള്ള അടങ്ങാത്ത ആവേശമാണ് എല്ലാ വെള്ളിയാഴ്ചകളിലും ദുബായ് ഹോളി ട്രിനിറ്റിയിലുള്ള Satwa Pentecost സഭയിൽ ഇവർ മുടങ്ങാതെ ആരാധനയിൽ സംബന്ധിക്കുന്നത്. സ്വന്തം ഭർത്താവ് സെബാസ്റ്റ്യൻ തന്റെ ഭാര്യ ജയിനിനെയും കൂട്ടി ആരാധനാലയത്തിലേക്കു കുത്തനെയുള്ള പടിക്കെട്ടുകൾ കയറുകയും ഇറങ്ങുകയും ചെയ്യുന്നത് എല്ലാ വിശ്വാസികൾക്കും ഒരു മാതൃകയാണ്. നിസ്സാരങ്ങളായ കൊച്ചുരോഗങ്ങളുടെ പേരിൽ ആരാധന മുടക്കുന്ന ഇന്നത്തെ വിശ്വാസി സമൂഹത്തിന് ഈ സഹോദരിയും കുടുംബവും ഒരു പ്രചോദനമാണെന്നതിൽ സംശയമില്ല. പല നാളുകളായി ഈ കുടുംബത്തിന്റെ ആരാധനയ്ക്കായുള്ള അടങ്ങാത്ത ആവേശമാണ് ലേഖകനെ ഇത്തരം ഒരു ഫീച്ചർ തയ്യാറാക്കാനായി പ്രേരിപ്പിച്ച ഘടകം.

**ഷിബു കണ്ടത്തിൽ**



gcm Nov 2017.indd 3 31-10-2017 07:26:18



# മുപ്പത്തിമൂന്നര വയസ്സ്: ഒരു പുനർവിചിന്തനം ആവശ്യമോ?



**പാസ്റ്റർ ഷാജു സി. ജോസഫ്**

ഘോരഘോരമായ പ്രസംഗം തുടരുകയാണ്. ആവേശോജ്വലം... ആത്മപ്രേരിതം...! ഇടയ്ക്കിടെ ആവർത്തിക്കുന്നു. "മുപ്പത്തിമൂന്നര തിരുവയസ്സിൽ രണ്ടു കള്ളന്മാർക്കു നടുവിൽ..." എത്രയോ നാളുകളായി സുവിശേഷ പ്രസംഗങ്ങളിൽ അവിഭാജ്യ ഘടകമായി കുരിശുമരണ സമയത്തെ ക്രിസ്തുവിന്റെ പ്രായം കിറുകൃത്യമായി നാം പ്രസംഗിക്കുന്നു. ചരിത്ര പ്രഖ്യാപനങ്ങൾ യുക്തിസഹമായിരിക്കണം. അല്ലാത്തപക്ഷം വിശ്വസനീയത അപകടത്തിലാകും. പ്രസിദ്ധരും പ്രഗത്ഭരും പറയാറുള്ള ഈ പ്രഖ്യാപനം ഒന്നു വിശകലനം ചെയ്താലോ?

ക്രിസ്തുവിന്റെ ജനനം ബി.സി. നാലിനോ അതിനു മുമ്പോ ആകാം. ബി.സി. നാലിനു ഹെരോദാവ് മരിക്കുന്നതിനു മുമ്പ് യോഹന്നാന്റെ ജനനം നടന്നിട്ടുണ്ട്. അഗസ്റ്റസ് റോമിൽ ഭരണം നടത്തുമ്പോൾ ഹെരോദാവ് പലസ്തീൻ ഭരിക്കുമ്പോഴാണല്ലോ നമ്മുടെ കർത്താവിന്റെ ജനനം. ബി.സി. നാല് എന്നു നിജപ്പെടുത്തിയാൽ പരസ്യശുശ്രൂഷ ആരംഭിക്കുമ്പോൾ യേശുവിന്റെ പ്രായം എത്രവരും? പരസ്യശുശ്രൂഷ ആരംഭിക്കുന്നത് തിബര്യാസ് കൈസറുടെ വാഴ്ചയുടെ 15-ാം വർഷത്തിലായിരുന്നു (ലൂക്കൊ.3:1). അത് എ.ഡി. 29 ആയിട്ടു വരും. എ.ഡി. 14-ലാണ് തിബര്യാസ് വാഴ്ച ആരംഭിക്കുന്നത്. ചരിത്രമനുസരിച്ച് എ.ഡി.29-ൽ പരസ്യശുശ്രൂഷ ആരംഭിക്കുമ്പോൾ യേശുവിന് 33 (29+4 =33) വയസ്സ് ഉണ്ടായിരിക്കണം.

പരസ്യശുശ്രൂഷ 30-ാം വയസ്സിൽ ആരംഭിച്ചു എന്നു നാം കാലങ്ങളായി കണക്കുകൂട്ടുന്നത് - "യേശുവിനു താൻ പ്രവൃത്തി ആരംഭിക്കുമ്പോൾ അവന് ഏകദേശം മുപ്പതു വയസ്സായിരുന്നു" (ലൂക്കൊ.3:23). ഈ വാക്യത്തിന്റെ അടിസ്ഥാനത്തിലാണ് പരസ്യശുശ്രൂഷാ പ്രായം 30 എന്നു ഗണിക്കുന്നത്. ലൂക്കൊസ് പ്രസ്താവിക്കുന്നത് ഏകദേശം മുപ്പതു വയസ്സ് എന്നാണ്. കിറുകൃത്യമല്ല. പന്ത്രണ്ടു വയസ്സിലെ സംഭവമെഴുതുമ്പോൾ കൃത്യതയുണ്ട് (ലൂക്കൊ.2:42). അപ്പോൾ ചരിത്രത്തെളിവുകൾ ആസ്പദമാക്കിയാൽ പരസ്യശുശ്രൂഷ 33 വയസ്സിൽ ആരംഭിക്കുന്നു. മരണസമയത്തെ പ്രായം അതുകൊണ്ടു തന്നെ മുപ്പത്തിമൂന്നര അല്ലെന്നു സ്പഷ്ടമാണ്.

മരണം എപ്പോൾ? എ.ഡി. 32-ലാണ് ക്രിസ്തു ക്രൂശിക്കപ്പെട്ടത്.

ദാനിയേൽ പ്രവചനത്തിന്റെ 70 ആഴ്ചവട്ടങ്ങളുടെ കണക്കിൽ ആഴ്ചവട്ടം കഴിഞ്ഞ് അഭിഷിക്തൻ ഛേദിക്കപ്പെടുമെന്നാണ്. അത് ആരംഭിക്കുന്നത് ബി.സി.444-ൽ ആണ്. 69 ആഴ്ചവട്ടം എന്നത് 483 വർഷം ആണല്ലോ? ബി.സി.444-ൽ നിന്ന് 483 വർഷം ആണല്ലോ?

ബി.സി.444-ൽ നിന്നും 483 വർഷം പൂർത്തിയാകുന്നത് എ.ഡി.32-ലാണ് (ചന്ദ്രമാന വർഷം).

ബി.സി. 449 മാർച്ച് 16 - എ.ഡി. 32 ഏപ്രിൽ ആറുവരെ 1,73,880 (483X360) ദിവസങ്ങളാണ്.

അതുകൊണ്ട് യേശുവിന്റെ മരണസമയത്തെ പ്രായം 36 ആയിരിക്കണം. നിനക്ക് അൻപതു വയസ്സായിട്ടില്ല എന്ന യഹൂദന്മാരുടെ പ്രസ്താവന കൂട്ടിവായിക്കുക. യേശുവിന്റെ പ്രായം പറയുമ്പോൾ ഏകദേശം എന്നു കൂട്ടിച്ചേർക്കാൻ നാം വിസ്മരിക്കരുത്. മുപ്പത്തിമൂന്നര തിരുവയസ്സ് പുനർവിചിന്തനത്തിനു വഴിമാറേണ്ടതാണ്. സമീപകാല പഠനത്തിൽ തെളിഞ്ഞുവന്നതും ബോധ്യമായതും വായനക്കാർക്കു മുമ്പിൽ സവിനയം സമർപ്പിക്കുന്നു. തെറ്റുവന്നിട്ടുണ്ടെങ്കിൽ ദയവായി തിരുത്തി ബോധ്യപ്പെടുത്താൻ നിങ്ങൾക്ക് അവകാശമുണ്ട്.






gcm Nov 2017.indd 4 31-10-2017 07:26:22




## ഐ.പി.സി. ബഥേൽ ദുബായ്

- 26 വർഷങ്ങൾക്കു മുമ്പ് ഈ പട്ടണത്തിൽ ദൈവത്താൽ സ്ഥാപിതമായി.
- 250–ൽ അധികം വിശ്വാസികൾ.
- പാസ്റ്റർ ഗർസീം പി. ജോൺ പ്രധാന ശുശ്രൂഷകനാണ്. ഇദ്ദേഹം ഐ.പി.സി. യു.എ.ഇ. റീജിയൻ പ്രസിഡന്റ്, ഐ.പി.സി. ഇരിങ്ങാലക്കുട ഏരിയ ചുമതലയുള്ള സെന്റർ ശുശ്രൂഷകൻ ഐ.പി.സി. യു.എ.ഇ റീജിയൻ ജനറൽ കൗൺസിൽ അംഗം എന്നീ നിലകളിൽ ദൈവീക പ്രവർത്തനങ്ങൾക്ക് ചുമൽ കൊടുക്കുന്നു.
- പാസ്റ്റർ പാപ്പി ജോർജ്ജ്, ഇവാ. ഡാനി മാത്യു എന്നിവർ സഹശുശ്രൂഷകരാണ്.
- യു.എ.ഇ.യിലെ ഒരു അനുഗ്രഹീത സണ്ടേസ്കൂൾ ഐ.പി.സി. സിലബസ് അനുസരിച്ച് 12 ക്ലാസുകൾ, വിവിധ ഡിവിഷനുകൾ, 18 മാതൃകാ അദ്ധ്യാപകർ, 124 അനുഗ്രഹീത കുഞ്ഞുങ്ങൾ. എല്ലാ വെള്ളിയാഴ്ചയും രാവിലെ 9.45 മുതൽ 11.15 വരെ ഹോളി ട്രിനിറ്റി ഹാൾ F3 യിൽ നടക്കുന്നു.
- അനുഗ്രഹീത യുവജനസംഘടന (PYPA)
- അനുഗ്രഹീത ക്വയർ
- വിവിധ സ്ഥലങ്ങളിലേക്ക് വാഹനക്രമീകരണം











### Our Weekly Schedule

| | | | |
|---|---|---|---|
| **Worship** | Holy Trinity Hall - F1 | 6:30 am to 9:30 am | Friday |
| **PYPA** | Holy Trinity Hall - F1 | 8:30 am to 9:30 am | 4th Friday |
| **Fasting prayer** | Holy Trinity Hall B-3 | 8:00 am to 10:00 am | Saturday |
| **Sunday School** | Holy Trinity Hall-F3 | 9:45 am to 11:15 am | Friday |
| **Bible Study** | Holy Trinity Hall - B5 | 8:30 pm to 10:00 pm | Sunday |
| **Weekly prayer** | Holy Trinity Church St.George Hall | 8:30 pm to 10:00 pm) | Wednesday |
| **Area cell prayer** | 8:00pm to 9:00pm (Last Thursday of every month) | | |
| **Chain prayer** | 24 Hrs. 1st Thursday | **Sonapur camp meeting** | 8:00pm to 9:30pm Saturday |
| **Sisters Prayer** | 3:30 pm to 5:30 pm - Tuesday | | |

*For further information please contact:*

**Pastor Gerzim P. John** P.O.Box 85783, Dubai, Tel: 04 2727812/ Mob: 050 4559546 /Br. Shibu Kandathil 55 8529710/ Email: gerzim@eim.ae

## ഇരിങ്ങാലക്കുട മിഷൻ സ്റ്റേഷൻ

കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂർ ജില്ലയിൽ ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റിയും ചുറ്റുമുള്ള പ്രദേശങ്ങളും ഉൾപ്പെട്ട ഐ.പി.സി. ഇരിങ്ങാലക്കുട ഏരിയായുടെ പ്രവർത്തനങ്ങൾ പൂർവ്വാധികം ഭംഗിയായി നടക്കുന്നു. ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭ കേരളാ സ്റ്റേറ്റിന് അഭിമാനിക്കാവുന്നതും സർവ്വോപരി ദൈവനാമ മഹത്വത്തിന് ഉതകുന്നതുമായ ഈ മിഷൻ പ്രവർത്തനം ദുബായ് ഐ.പി.സി. ബഥേൽ സഭയുടെ പരിപൂർണ്ണ ഉത്തരവാദിത്വത്തിൽ തിരുനാമ മഹത്വത്തിനായി ചെയ്യുന്ന ഒന്നാണ്.

● ദൈവം നൽകിയ ദർശനപ്രകാരം ഐ.പി.സി. ബഥേൽ സഭ പ്രേഷിത ദൗത്യത്തിനായി ദത്തെടുത്ത ദൗത്യഭൂമിയാണിത്. ഇവിടെ പ്രവർത്തനത്തിനായി തിരഞ്ഞെടുക്കുമ്പോൾ ഈ മുനിസിപ്പാലിറ്റിയിൽ തന്നെ ഒരു പെന്തെക്കോസ്തു പ്രവർത്തനങ്ങളും ഇല്ലായിരുന്നു എന്നതാണ് വാസ്തവം.

● ദീർഘവർഷത്തെ കഠിന പരിശ്രമത്തിന്റെ ഫലമായി സുവിശേഷത്തിന്റെ ഈ ഊഷരഭൂമിയിൽ ദൈവവചനവിത്തുകൾ വിതയ്ക്കുവാൻ സമർപ്പണമുള്ള അനേക ദൈവദാസന്മാരെ ദൈവം ഉപയോഗിച്ചു. സുവിശേഷത്തിന് ഒട്ടും വളക്കൂറുള്ള മണ്ണായിരുന്നില്ല ഇരിങ്ങാലക്കുടയിലേത്. ഉത്സാഹികളായ ദൈവഭൃത്യന്മാർ രക്തം വിയർപ്പാക്കി ഈ മണ്ണിൽ സുവിശേഷത്തിന്റെ വിത്തുകൾ വാരിവിതറി. തത്ഫലമായി ഇന്ന് ഇവിടെ 15 സഭകളും 17 ദൈവദാസന്മാരും ഉടലെടുക്കുവാൻ ദൈവം സഹായിച്ചു. ഇന്ന് ഇരിങ്ങാലക്കുട ഏരിയായിൽ ഐ.പി.സി. കേരളാ സ്റ്റേറ്റിന് സ്വന്തമായി 5 പാഴ്സണേജുകളോടു കൂടിയ ആരാധനാലയങ്ങൾ പണിയുവാൻ ദൈവം ബഥേൽ ഐ.പി.സി. സഭയെ ഉപയോഗിച്ചു. നിലവിൽ ചേർപ്പ് എന്ന സ്ഥലത്ത് 6–ാമത്തെ ഹാളിന്റെയും പാഴ്സണേജിന്റെയും പണിയുടെ പ്രാരംഭ നടപടികൾ പൂർത്തിയായിക്കഴിഞ്ഞു. അനേക പുതിയ സഭകൾ ഈ ഏരിയായോടു ചേർന്നു പ്രവർത്തിക്കുവാൻ സന്നദ്ധത അറിയിച്ച് ഈ ഏരിയായുടെ ഭാഗമായിക്കഴിഞ്ഞു. മിക്ക മാസങ്ങളിലും നൂറുകണക്കിന് വീടുകളിൽ ദൈവവചനവുമായി ദൈവദാസന്മാർ എത്തുന്നു. ഐ.പി.സി. കേരളാ സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ഷിബു നെടുവേലിൽ ബൈബിൾ സ്കൂൾ വിദ്യാർത്ഥികളുമായി ഈ ദൗത്യനിർവഹണത്തിനായി ഇരിങ്ങാലക്കുട സന്ദർശിക്കാറുണ്ട്.

ഇനിയും ഈ മണ്ണിൽ സുവിശേഷത്തിന്റെ വിത്തു വിതപ്പാനുണ്ട്. ആ ദൗത്യ നിർവ്വഹണപാതയിലാണ് ഐ.പി.സി. ബഥേൽ ദുബായ് സഭയും ഇരിങ്ങാലക്കുടയിലെ സമർപ്പിതരായ ദൈവദാസന്മാരും.

ഐ.പി.സി. ബഥേൽ സഭാശുശ്രൂഷകൻ പാസ്റ്റർ ഗർസീം പി.ജോൺ ഈ ഏരിയായുടെ ചുമതല വഹിക്കുന്നു.



gcm Nov 2017.indd 5 31-10-2017 07:26:27

# അടിതെറ്റിയാൽ പ്രവാസിയും വീഴാം





**ഡഗ്ലസ് ജോസഫ്**

ഒരു തദ്ദേശവാസിയുടെ ഉടമസ്ഥതയിലുള്ള കടയിലെ ജീവനക്കാരനായിരുന്നു ഷാജി. എപ്പോഴും ചിരിച്ചുകൊണ്ടുള്ള സംസാരവും ഊർജ്ജസ്വലതയും കടയിലെത്തുന്ന സ്വദേശികൾക്കും വിവിധ രാജ്യക്കാരായ പ്രവാസികൾക്കും ഷാജിയെ പ്രിയങ്കരനാക്കി. നാട്ടിലുള്ള ഡിഗ്രി വിദ്യാർത്ഥിയായ മകളെക്കുറിച്ചും അവളുടെ പഠനത്തിലെ മികവിനെക്കുറിച്ചും കുടുംബകാര്യങ്ങൾ ഭംഗിയായി നടത്തുന്ന ഭാര്യയെക്കുറിച്ചും ഒക്കെ ഷാജി ഈ ലേഖകനോട് വാചാലനാകുമായിരുന്നു. “മാഷേ, ഡിഗ്രി കഴിഞ്ഞാൽ മകളെ ജോലിക്കു വിടണോ, അതോ ഉപരി പഠനത്തിനു വിടണോ?” ഇന്നും ആ ചോദ്യം കാതുകളിൽ മുഴങ്ങുന്നു. ഒരു ദിവസം വൈകിട്ടു കടയിലെത്തിയപ്പോഴാണ് ആ ഞെട്ടിക്കുന്ന വാർത്ത കടയിലെ തന്നെ മറ്റൊരു ജോലിക്കാരനായ ബംഗാളി പറഞ്ഞത്. ഒരാഴ്ച മുമ്പ് താമസസ്ഥലത്ത് ഷാജി ജീവനൊടുക്കി. എന്തോ സാമ്പത്തിക പ്രശ്നമാണ് കാരണം എന്നറിയുന്നു. ഷാജിയുടേത് ഒറ്റപ്പെട്ട സംഭവമല്ല.

സാമ്പത്തിക അച്ചടക്കമില്ലായ്മയും വേണ്ടത്ര മുൻ പരിചയമോ വൈദഗ്ദ്ധ്യമോ ഇല്ലാത്ത ബിസിനസ്സുകളിൽ മുതൽ മുടക്കി ലക്ഷങ്ങളും കോടികളും നഷ്ടപ്പെടുത്തിയവരും, ക്രെഡിറ്റ് കാർഡിൽ ലോണെടുത്തും സാധനങ്ങൾ വാങ്ങിക്കൂട്ടിയും കടക്കെണിയിൽ പെട്ടവരും വിദേശ ബാങ്കിൽ നിന്നും നാട്ടിലെ ബാങ്കിൽ നിന്നും കിട്ടാവുന്ന ലോണെല്ലാം എടുത്തുകൂട്ടിയവരും, കൊള്ളപ്പലിശയ്ക്കു കടംകൊടുക്കുന്ന ഷൈലോക്കുമാരുടെ കെണിയിൽ തലവെച്ചവരും നാട്ടിൽ പൊങ്ങച്ചം കാട്ടാൻ ലക്ഷങ്ങളും കോടികളും മുടക്കി മണിമാളികകൾ പണിത് കടത്തിൽ മുങ്ങിയവരും ആളുകളിക്കാൻ നാട്ടിലെ പള്ളിപ്പെരുന്നാളിനും പാർട്ടി സമ്മേളനത്തിനും അമ്പല-പള്ളി നിർമ്മാണത്തിനും വെയ്റ്റിംഗ് ഷെഡ് നിർമ്മാണത്തിനും വാരിക്കോരി കൊടുത്ത് കുത്തുപാളയെടുത്തവരും, ആഡംബര കല്യാണങ്ങൾ നടത്തി പിച്ചക്കാരായി മാറിയവരും, കിട്ടിയ പണമെല്ലാം നാട്ടിലേക്ക് അയച്ചുകൊടുത്ത് വീട്ടുകാർ ധൂർത്തടിച്ച് ചില്ലിക്കാശിനു ഗതികെട്ടവരും ഇന്നു പ്രവാസലോകത്ത് നിരവധിയാണ്.

പല വിദേശരാജ്യങ്ങളിലും നടപ്പിൽ വരുത്തുന്ന സ്വദേശിവൽക്കരണം ലക്ഷക്കണക്കിനു പ്രവാസികളുടെ കഞ്ഞികുടി മുട്ടിക്കും എന്നതിൽ സംശയമില്ല. മൊബൈൽ കട, മാളുകൾ, സൂപ്പർമാർക്കറ്റുകൾ എന്നിവിടങ്ങളിലെല്ലാം സ്വദേശിവൽക്കരണം ഊർജ്ജിതമായിട്ടുണ്ട്. പ്രവാസികൾ ആധിപത്യം പുലർത്തുന്ന നേഴ്സിംഗ്, എഞ്ചിനീയറിംഗ് തുടങ്ങിയ മേഖലകൾ സ്വദേശിവൽക്കരിക്കണമെന്നു സൗദിയിലെ ഉന്നതസമിതിയായ ഷൂറ കൗൺസിൽ സർക്കാരിനോടു ശുപാർശ ചെയ്തു. മറ്റു പല രാജ്യങ്ങളും സർക്കാർ മേഖലയിലെ അവശേഷിക്കുന്ന പ്രവാസികളെയും പിരിച്ചുവിടാൻ തുടങ്ങുകയായി.

ഫ്രീ ക്രെഡിറ്റ് കാർഡ് എന്നുപറഞ്ഞ് ബാങ്ക് എജന്റുമാർ വട്ടംകറങ്ങി നടക്കുന്നുണ്ട്. ഇതിൽ പ്രലോഭിതരായി നാലും അഞ്ചും ക്രെഡിറ്റ് കാർഡെടുത്ത് കിട്ടാവുന്ന പണം ലോണായും പിന്നെ സാധനങ്ങൾ വാങ്ങിക്കൂട്ടിയും പണം തിരിച്ചടയ്ക്കാനാവാതെ ജയിലിൽ ആയ അനവധിയാളുകൾ പ്രവാസികൾക്കിടയിലുണ്ട്. ക്രെഡിറ്റ് കാർഡിന്റെ പണം തിരിച്ചടയ്ക്കാൻ നിർവാഹമില്ലാതെ നാട്ടിലേക്കു മുങ്ങിയ വിരുതന്മാരുമുണ്ട്. ക്രെഡിറ്റ് കാർഡ് എന്ന മാസ്മരവലയത്തിൽ കുടുങ്ങാതിരിക്കുന്നതാണ് അത്യുത്തമം.

(തുടരും)






gcm Nov 2017.indd 6 31-10-2017 07:26:29

"മടുത്തുപോകാതെ എപ്പോഴും പ്രാർത്ഥിക്കേണം"

# പ്രാർത്ഥനാസംഗമം
INTERNATIONAL PRAYER FELLOWSHIP

# Gospel Feast



MON | TUE | WED NOVEMBER
13 | 14 | 15 2017

Main hall, Worship Centre, Sharjah

Time : 7.30 pm to 10.00 pm

Worship By | Br. RSV & IPF Choir



Pastor K. P. Jose Vengoor : 050 1464837
Pastor Alex George : 050 6562396, Br. Alex Kochumman : 055 3877770
Br. Baiju kunjukunju 056 1001977
www.prarthanasangamam.com, E-Mail: josevengoor@yahoo.com

Message by | Pr. Babu Cherian

# SHARON FELLOWSHIP CHURCH
DUBAI

# SILVER JUBILEE CONVENTION

2017 November
6 Mon
7 Tue

Holy Trinity Church Dubai
(St. Peters Chapel - E-3)
(7.30 PM - 10.00 PM)

Chief Guest : Pr. T.D. BABU



Worship led by: Sharon Beats

Come and be blessed...

Transportation facilities available.
Contact: Al-Quoz (0504735701),
Deira (0504956151),
Qusais - Sonapur (0561506204)

More Details
Pr. Shibu Mathew, Ph: 0569832949
Br. Sam P. Mathai, Ph: 0553711835

Our worship timings:

Worship : Friday 9.30 am - 11.45 am (Holy Trinity, St. George Chapel)
Bible Class : Thursday 8.30 pm - 10.00 pm (Holy Trinity-C-3 Hall)
Sunday School : 11.45 am - 1.00 pm (Holy Trinity, St. George Chapel)
C.E.M : Youth Meeting10.45 am - 11.45 am (Third Friday) (Holy Trinity, St. George Chapel)



gcm Nov 2017.indd 7 31-10-2017 07:26:31




# I.P.C UAE REGION COMBINED WORSHIP

**2017 DEC. 2ND SATURDAY**
**9:00 AM TO 1:00 PM**
**BRETHREN CHURCH CENTER,**
**MUSSAFFAH, ABU DHABI**
*Come and be blessed*

Printed and Published by Reji George, Chief Editor: Shibu Kandathil, Circulation Manager: Sam Marokey. Mob. 055 8529710, 0501093157, 91 9884462707. Email: gcmessenger@gmail.com
For Private Circulation Only - Not for Sale

gcm Nov 2017.indd 8 31-10-2017 07:26:36